LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജല അതോറിറ്റിക്ക് 31-3-2010 വരെ വിവിധ വിഭാഗം ഉപഭോക്താക്കളിൽ നിന്നും 257.69 കോടി രൂപ കുടിശ്ശികയിനത്തിൽ ലഭിക്കുവാനുണ്ട്. ഇതിനുപരി തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ആകെ 243.09 കോടി രൂപയും ലഭിക്കുവാനുണ്ട്.

(ബി) ഗാർഹിക ഉപഭോക്താക്കളിൽ നിന്നും 63.14 കോടി രൂപയും, ഗാർഹികേതര വിഭാഗത്തിൽ ഉൾപ്പെടുന്ന സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ഉദ്ദേശം 116 കോടി രൂപയും സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും 77 കോടിയോളം രൂപയും ലഭിക്കുവാനുണ്ട്.

(സി) കുടിശ്ശിക വരുത്തിയിട്ടുള്ള ഉപഭോക്താക്കളുടെ വാട്ടർ കണക്ഷനുകൾ വിഛേദിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിഛേദനത്തിനുശേഷവും കുടിശ്ശിക ഒടുക്കാത്തവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നുണ്ട്. കുടിശ്ശിക വരുത്തിയിട്ടുള്ള സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങൾക്കെതിരെ വിഛേദന നടപടി സ്വീകരിക്കുവാൻ കീഴ്ഘടകങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്.

കേരളത്തിലും പ്രമുഖ രാഷ്ട്രീയ പാർട്ടി ഓഫീസുകളിൽ നിന്നെല്ലാം വാട്ടർ ചാർജ്ജ് കുടിശ്ശിക ലഭിക്കാനുണ്ട്. ഇതിൽ CPM, CPI, Congress, BJP, കേരള കോൺഗ്രസുകൾ, RSP, മുസ്ലീംലീഗ്, IUML എന്നീ രാഷ്ട്രീയ പാർട്ടികൾ ഉൾപ്പെടും.

(ഇ) ഈ വർഷം സംഘർഷമുണ്ടായിട്ടില്ല.

ഉപഭോക്താക്കളുടെ എണ്ണം, വെള്ളക്കരം വർദ്ധന

158 (5048) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജല അതോറിറ്റിക്ക് ആകെ എത്ര ഉപഭോക്താക്കളാണ് ഗാർഹിക, ഗാർഹികേതര വ്യാവസായിക തലങ്ങളിലുള്ളത് ;

(ബി) മേൽ വിഭാഗങ്ങളിലുള്ള ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്ന വെള്ളത്തിന്റെ നിരക്ക് ലിറ്ററിന് എത്ര വീതമാണ് ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വെള്ളത്തിന്റെ നിരക്കിൽ എത്ര തവണ വർദ്ധനവ് വരുത്തി ; അവസാനമായി നിരക്ക് വർദ്ധിപ്പിച്ചത് എന്നാണ് ;

(ഡി) നിലവിലുണ്ടായിരുന്ന വെള്ളത്തിന്റെ നിരക്കിനെ അപേക്ഷിച്ച് എത്ര ശതമാനം വർദ്ധനവാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഓരോ വിഭാഗത്തിനുമായി നിരക്ക് വർദ്ധിപ്പിച്ചത് ;

(ഇ) കഴിഞ്ഞ സാമ്പത്തിക വർഷം മേൽതലങ്ങളിലുള്ള ഉപഭോക്താക്കളിൽ നിന്ന് വെള്ളക്കരം ഇനത്തിൽ ലഭിച്ച ആകെ വരുമാനം എത്ര തുകയാണ് ;

(എഫ്) ഇപ്രകാരം വിതരണം ചെയ്യുന്ന ജലം അണുവിമുക്തമാക്കുന്നതിന് പ്രതിവർഷം ചെലവഴിക്കുന്ന തുകയെത്രയാണ് ;

(ജി) ജലഅതോറിറ്റി ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്ന വെള്ളം എത്ര ശതമാനം അണുവിമുക്തമാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) കേരള ജല അതോറിറ്റിയിൽ 31-3-2010-ലെ കണക്കുകൾ പ്രകാരം 1167368 ഗാർഹിക കണക്ഷനുകളും, 91633 ഗാർഹികേതര കണക്ഷനുകളും 947 വ്യാവസായിക കണക്ഷനുകളും നിലവിലുണ്ട്. ആകെ കണക്ഷനുകളുടെ എണ്ണം 12,59,946

(ബി) വിവിധ വിഭാഗം ഉപഭോക്താക്കളെ ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയിട്ടുള്ള സ്ലാബുകൾക്ക് അനുസൃതമായിട്ടാണ് പ്രതിലിറ്റർ വെള്ളത്തിന്റെ നിരക്ക് ഈടാക്കുന്നത്. ആയത് ഗാർഹികേതര വിഭാഗത്തിന് പ്രതിലിറ്ററിന് 0.40 പൈസ മുതൽ 2.50 രൂപ വരേയും- ഗാർഹികേതരത്തിന് 1.00 രൂപ മുതൽ 2.50 രൂപ വരേയും വ്യാവസായികത്തിന് 2.50 രൂപ നിരക്കിലുമാണ്.

(സി) ഒരു തവണ.

1-9-2008 മുതൽ.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗാർഹിക ആവശ്യത്തിനുള്ള വെള്ളത്തിന് 0 മുതൽ 138% വരേയും ഗാർഹികേതര ആവശ്യത്തിന് 25 മുതൽ 135% വരേയും വ്യാവസായിക ആവശ്യത്തിന് 135% വരേയും വർദ്ധനവാണ് വരുത്തിയത്.

(ഇ) കഴിഞ്ഞ സാമ്പത്തിക വർഷം വിവിധ വിഭാഗം ഉപഭോക്താക്കളിൽ നിന്നും 212.13 കോടി രൂപ വെള്ളക്കര ഇനത്തിൽ പിരിച്ചെടുത്തു.

(എഫ്) പൊതു ടാപ്പുകൾ വഴി അതോറിറ്റി വിതരണം ചെയ്യുന്ന ജലം ഉൾപ്പെടെ അണുവിമുക്തമാക്കുന്നതിന് ആകെ പ്രതിവർഷം 5.67 കോടി രൂപയോളം ചെലവഴിക്കുന്നു.

(ജി) പൂർണ്ണമായും അണുവിമുക്തമാക്കിയതിനുശേഷമാണ് അതോറിറ്റി ശുദ്ധജലം വിതരണം ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly